LIBRARY ARCHIVES Kerala Legislative Assembly

മാഹി-വളപട്ടണം

മാഹി-വളപട്ടണം 3 അൺകട്ട് ഭാഗത്തിന്റെ അലൈൻമെന്റ് ദേശീയ ജലപാത നിലവാരത്തിൽ അംഗീകരിച്ച് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൊതുജനങ്ങളുടെ എതിർപ്പുമൂലം നിർത്തി വെയ്ക്കേണ്ടിവന്നു. പകരം നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിൽ ഒരു ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റ് രണ്ട് ഭാഗങ്ങളിലും പ്രദേശവാസികളുടെ എതിർപ്പുമൂലം ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. ആദ്യം അംഗീകരിച്ചുകിട്ടിയ അലൈൻമെന്റിൽ 600-ൽ പരം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരും. ആയതിനാലാണ് പുതിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ഈ അലൈൻമെന്റിൽ 71-ൽ പരം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരും. ആയതിനാൽ ഈ അലൈൻമെന്റിലും പൊതുജനങ്ങളുടെ എതിർപ്പ് നിലനിൽക്കുന്നു.

കോട്ടപ്പുറം-നീലേശ്വരം ജലപാത

കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിന്റെ ഭാഗമായി ഹോസ്ദുർഗ്ഗ് വരെയുള്ള പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ഹോസ്ദുർഗ്ഗ് മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

താനൂരിലൂടെ കടന്നുപോകുന്ന ജലപാത പൂർത്തീകരിക്കാൻ നടപടി

195 (3631) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) താനൂരിലൂടെ കടന്നു പോകുന്ന ദേശീയ ജലപാതയായ കനോലി കനാൽ ഉള്ളാൽ മുതൽ പൂരപ്പുഴ വരെ എത്ര ദൂരത്തിലാണ് പൂർത്തീകരിച്ചത് ;

(ബി) ഇനി താനൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പൂർത്തീകരിക്കാനുണ്ട് ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം ബഹു: മുഖ്യമന്ത്രി മലപ്പുറത്തെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കനോലി കനാലിന്റെ (താനൂർ-കൂട്ടായി) ഉണ്ണ്യാലിനും പുരപ്പുഴയ്ക്കും ഇടയിൽ 1920 മീറ്റർ നീളം വികസനപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) താനൂർ നിയോജക മണ്ഡലത്തിൽ ഇനി ഏകദേശം 10.50 കി. മീ. ദൂരം വികസിപ്പിക്കുവാൻ ബാക്കിയുണ്ട്.

(സി) താനൂർ കേന്ദ്രമാക്കി കനോലികനാൽ ടൂറിസം സർക്യൂട്ടാക്കി വികസിപ്പിക്കൽ എന്ന പദ്ധതി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ പ്രാഥമിക റിപ്പോർട്ട് 23-6-2015-ൽ ഇറിഗേഷൻ ഡിവിഷൻ, മലപ്പുറം ഓഫീസിൽനിന്നും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച തുടർനടപടികൾ ജില്ലാ ഭരണകൂടം സ്വീകരിച്ച് സർക്കാരിൽ അനുമതിക്കായി ലഭ്യമാക്കേണ്ടതുണ്ട്. അനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

കടൽഭിത്തി നിർമ്മാണം

196 (3632) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചിത്താരി കടപ്പുറത്ത് രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നതും വ്യാപകമായ നാശനഷ്ടമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചിത്താരി കടപ്പുറത്ത് ചെയിനേജ് 49/500 കി. മീ. മുതൽ 52/000 കി. മീ. വരെ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 1,050 ലക്ഷം രൂപയുടെയും ചെയിനേജ് 51/000 കി. മീ. വരെ 1000 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 595 ലക്ഷം രൂപയുടെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.